# ജി. എൽ. പി. എസ്

## കുടശ്ശനാട്

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള കർമ്മപരിപാടികളുമായി പൊതുവിദ്യാഭ്യാസവകുപ്പ് വിദ്യാലയ സംരക്ഷണയജ്ഞവുമായി മുന്നോട്ട് പോവുകയാണ്. നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായി മുഴുവൻ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലും ഗുണമേന്മാവിദ്യാലയ വികസന പദ്ധതി രൂപീകരിക്കുകയാണ്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും ശിശുസൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ്മ ഇതിനാവശ്യമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ മാത്രമേ ഒരു വിദ്യാലയം മികവുറ്റതാവുകയുള്ളൂ.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ: എൽ.പി.എസ് കുടശ്ശനാട്
മേൽവിലാസം : കുടശ്ശനാട് പി.ഒ, ആലപ്പുഴ
പിൻ: 689512
ഫോൺ : 9497743419
സ്കൂൾ കോഡ് : 36217
വിദ്യാഭ്യാസ ഉപജില്ല : മാവേലിക്കര.
വിദ്യാഭ്യാസ ജില്ല : മാവേലിക്കര
റവന്യൂ ജില്ല : ആലപ്പുഴ
ബി.ആർ.സി : മാവേലിക്കര
സി.ആർ.സി : എരുമക്കുഴി
ഗ്രാമപഞ്ചായത്ത് : പാലമേൽ
ബ്ലോക്ക് പഞ്ചായത്ത് : ഭരണിക്കാവ്
ജില്ലാ പഞ്ചായത്ത് : ആലപ്പുഴ
താലൂക്ക് : മാവേലിക്കര.
ഇ.മെയിൽ : 36217alappuzha@gmail.com.

# സ്കൂളിന്റെ ചരിത്രം

ആലപ്പുഴ ജില്ലയിൽ പാലമേൽ ഗ്രാമ-
പഞ്ചായത്തിൽ 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സർക്കാർ
വിദ്യാലയമാണ് ജി. എൽ. പി. എസ് കുടശ്ശനാട്. 1915ൽ
കുടശ്ശനാട് പ്രദേശത്തെ ഏതാനും നാട്ടുപ്രമാണിമാരുടെ
നേതൃത്വത്തിൽ ഈ സ്കൂൾ കുടിപ്പള്ളിക്കൂടമായി പ്രവർത്ത-
നമാരംഭിച്ചു. കാലക്രമത്തിൽ ഇത് അഞ്ചാം തരം വരെയുള്ള
സ്കൂളായി. മാമ്പിലാവിൽ വീട്ടിലെ കാരണവർ ദാനമായി
നൽകിയ ഏഴരസെന്റ് സ്ഥലത്താണ് ഈ വിദ്യാലയം പ്രവർ-
ത്തനം ആരംഭിച്ചത്. പിന്നീട് 68 സെന്റ് സ്ഥലം കൂടി
സ്കൂളിന് വിട്ടു നൽകി. ഓലമേഞ്ഞ കെട്ടിടം കാലക്രമ-
ത്തിൽ പൊളിഞ്ഞുപോവുകയും 1950 - ഇന്നു കാണുന്ന
പ്രധാന കെട്ടിടം ഉണ്ടാവുകയും ചെയ്തു. "മലയാളം
സ്കൂൾ" എന്ന പേരിൽ അറിയപ്പെടുന്ന ഈ വിദ്യാലയം
മാത്രമായിരുന്നു 1950 വരെ ഈ പ്രദേശത്തെ ഏക
വിദ്യാഭ്യാസ സ്ഥാപനം. സ്ഥല പരിമിതി മൂലം 1957ൽ 5-ാം
ക്ലാസ് നിർത്തലാക്കി. 1996-97 വരെ ഏതാണ്ട് 400ൽ പരം
കുട്ടികൾ 8 ഡിവിഷനുകളിലായി ഇവിടെ പഠിച്ചിരുന്നു.
1997-98 മുതൽ ഒന്നാം ക്ലാസിൽ വന്നു ചേരുന്ന കുട്ടികളു-
ടെണ്ണം കുറഞ്ഞു. സമീപ പ്രദേശത്തുള്ള അൺ എയ്-
ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇന്ന് ഈ സ്കൂളിന്
ഏറ്റവും വലിയ ഭീഷണി ആയിരിക്കുന്നു. തദ്ദേശസ്വയം
ഭരണസ്ഥാപനങ്ങളുടെയും പൂർവ്വവിദ്യാർത്ഥി സംഘടനക

ഇവരുടെയും സഹകരണങ്ങളോടെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. എം.പി എം.എൽ.എ മറ്റു സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ ഇവരുടെ വകയായി ലഭിച്ച ഇന്റർനെറ്റ് സൗകര്യങ്ങളും സ്കൂളിനെ ആധുനികവത്കരിക്കാൻ നല്ല പങ്ക് വഹിക്കുന്നു. ശതാബ്ദി ആഘോഷ കമ്മിറ്റിയുടെ സംഭാവനയായി ലഭിച്ച മൈക്ക്സെറ്റ്, വാട്ടർ പ്യൂരിഫയർ ഇവയും സ്കൂളിന് മുതൽക്കൂട്ടാണ്. നാൾക്കുനാൾ അഭിവൃദ്ധിയിലേക്കു വളർന്നുകൊണ്ടിരിക്കുന്ന ഒരു സരസ്വതീക്ഷേത്രമാണിത്.

# പൊതുലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക

* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സൗകര്യങ്ങളും ഒരുക്കികൊടുക്കുക

* മുഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക.

* മുഴുവൻ കുട്ടികൾക്കും ശാസ്ത്ര ഗണിത-ശാസ്ത്ര പഠനത്തിനുള്ള നൈപുണികൾ സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

* പഠന പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

* എല്ലാ കുട്ടികളെയും വായനയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങളും പ്രോത്സാഹനവും. നൽകുക.

* സർഗവേള, അസംബ്ലി എന്നിവയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

* ഓരോ ടേമിലും കുട്ടികൾ നേടേണ്ട ശേഷികളും പി.ടി.എ പഠന നേട്ടങ്ങളും കുട്ടി രക്ഷകർത്താക്കളെ ബോധിപ്പിക്കുക

2025-26 പൊതുവിദ്യാഭ്യാസവകുപ്പ് ധാരാളം പ്രവർത്തനങ്ങൾ കുട്ടികൾക്കായി ഏറ്റെടുത്തിട്ടുണ്ട്. അതിൽ കഴിഞ്ഞ വർഷം തുടങ്ങി ഈ വർഷവും തുടരുന്ന പ്രവർത്തനങ്ങളിൽ ഒന്നാണ് റീഡേഴ്സ് തിയേറ്റർ. പുസ്തക വായന പ്രോത്സാഹിപ്പിക്കൽ, ഒഴുക്കോടെയുള്ള വായനയ്ക്കും, ആശയഗ്രഹണ വായനയ്ക്കും ഇതിൽ കൂടുതൽ പ്രാധാന്യം നൽകിവരുന്നു.

ചെറിയ കഥ തെരഞ്ഞെടുക്കുന്നതും കഥാപാത്രങ്ങളെ കണ്ടെത്തിയെടുത്ത് വായനാകൂട്ടത്തെ തിരുമാനിച്ച് സ്ക്രിപ്റ്റ് തയ്യാറാക്കി ഓരോ അംഗങ്ങളും വായിക്കേണ്ട ഭാഗങ്ങൾ തിരുമാനിക്കുന്നതും സീറ്റിങ്ങ് ക്രമീകരിക്കലും ഇതിൽ പ്രധാനമാണ്.

പാഠങ്ങളിലൂടെ ലക്ഷ്യമിടുന്നത് സർഗാത്മകത വികസിപ്പിക്കൽ, പാഠഭാഗത്തെ പാട്ടുകൾ ഈണത്തോടെയും താളത്തോടെയും അവതരിപ്പിക്കലാണ്. കുട്ടികൾ വളരെ താൽപര്യത്തോടെ ഈ പ്രവർത്തനം ഏറ്റെടുക്കും.

'വാങ്മയം' എന്ന ഭാഷാപരിപോഷണ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത് കുട്ടികൾക്ക് പൂർണ്ണമായും എഴുത്തും വായനയും നേടുക എന്നതാണ്. മധുരം മലയാളം പോലെതന്നെ മലയാളഭാഷയെ ഉറപ്പിക്കുക എന്നത് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യമാണ്. പാഠങ്ങളിലൂടെ റീഡേഴ്സ് തിയേറ്ററിലൂടെയും Std I II ക്ലാസുകളിലെ സചിത്ര നോട്ട്ബുക്കിലൂടെയും സംയുക്ത ഡയറിലൂടെയും ഭാഷ പരിപോഷണ-മാണ് ലക്ഷ്യമിടുന്നത്. എന്നാൽ ഞങ്ങളുടെ സ്കൂൾ ഏറ്റെടുത്ത 'വാങ്മയം' എന്ന പദ്ധതി ഞങ്ങൾ അധ്യാപകർ ഒന്നിച്ച് നിന്ന് ഒരു വർഷക്കാലം പൂർത്തീകരിക്കാൻ ലക്ഷ്യം വയ്ക്കുന്നു. തുടർന്ന് കാവ്യോത്സവ-ത്തിലൂടെയും സർഗാത്മകഡയറി എഴുത്തി-ലൂടെയും മലയാളഭാഷ വ്യക്തമായി എഴുതാനും വായിക്കാനും ഇതിലൂടെ കഴിയും എന്ന വസ്തുത ഏറെ പ്രാധാന്യം അർഹിക്കുന്നു.

അതോടൊപ്പം പ്രൈമറി ക്ലാസ്സുക-ളിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ നേടേണ്ട അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിനായി ഞങ്ങൾ അധികസമയം കണ്ടെത്തി വായനാക്കൂട്ടം, എഴുത്തുകൂട്ടം

ഗണിതക്കൂട്ടം വിജ്ഞാനക്കൂട്ടം എന്നി
മേഖലകളിലായി കുട്ടികളെ തിരിച്ച്
അവർക്ക് പരിശീലനം നടത്തുന്നത്
തുടരാനും തീരുമാനമെടുത്തതിലൂടെ
എല്ലാ കുട്ടികളുടെയും പങ്കാളിത്തം
ഉറപ്പാക്കാനും കഴിയുന്നു.

# നേട്ടങ്ങൾ

* പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'അക്ഷരയോടൊപ്പം' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ. കൂടാതെ 'ശ്രദ്ധ', മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നിവ മികച്ച രീതിയിൽ നടപ്പാക്കുന്നു.
* അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്ന മികച്ച അധ്യാപകർ.
* കലാ - പ്രവൃത്തിപരിചയ, കായിക പഠനങ്ങൾക്ക് പരിശീലനങ്ങൾ.
* ദിനാചരണങ്ങൾ, ഇംഗ്ലീഷ് മലയാളം അസംബ്ലികൾ കൃത്യമായി നടപ്പാക്കുന്നു.
* പൊതുവിജ്ഞാനം കുട്ടികളിൽ വളർത്തുന്നതിനായി 'ഒരുദിനം ഒരറിവ്' എന്ന പ്രവർത്തന പദ്ധതി.
* വിവിധ ക്വിസ് മത്സരങ്ങൾ, എൽ.എസ്.എസ് പരീക്ഷ, എന്നിവയ്ക്ക് മികച്ച പരിശീലനം.
* വിവിധമേളകളിൽ പങ്കാളിത്തവും വിജയവും

സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു.

* വിദ്യാലയത്തെ മുഴുവൻ അറിവു നിർമ്മാണ ഇടമാക്കി മാറ്റുക. അതിനായി പഠന പ്രവർത്തനങ്ങളെ ക്ലാസ്റൂമിന് പുറത്തേക്ക് കൂടി നീക്കുക.

* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.

* പ്ലാസ്റ്റിക് മുക്തവിദ്യാലയം, ഹരിത വിദ്യാലയം ശുചിത്വ വേസ്റ്റ് മാനേജ്മെന്റ് എന്നിവ കൃത്യമായി നടപ്പാക്കുക.

*. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

*. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കുട്ടികളെ കൂടി പങ്കാളികളാക്കി നടപ്പാക്കുക.

# പരിമിതികൾ

* വായനയ്ക്ക് മികച്ച പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കാൻ സാധിച്ചിട്ടില്ല.
* ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാനുള്ള സൗകര്യം കുറവ്.
* കമ്പ്യൂട്ടർ പഠനം ക്ലാസ്റൂമിൽ നടക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ ലാബിന്റെ അഭാവം.
* ആധുനിക രീതിയിലുള്ള ശിശുസൗഹൃദ കെട്ടിട സമുച്ചയത്തിന്റെ അഭാവം.
* മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികൾക്കുള്ള പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതായുണ്ട്.
* സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് ICT യുമായി ബന്ധപ്പെട്ട പഠനത്തിന് പ്രയാസം ഉണ്ടാക്കുന്നുണ്ട്.

# പദ്ധതി വിശദാംശങ്ങൾ

## ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും മലയാള ഭാഷ എഴുതുവാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | വായനാസാമഗ്രികൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |
| മികച്ച വായനാശീലം വളർത്തുക. അമ്മ വായന പ്രോൽസാഹിപ്പിക്കുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. വായനാകുറിപ്പുകൾ എഴുതുന്ന മികച്ചവർക്ക് സമ്മാനങ്ങൾ നൽകുന്നു. അമ്മമാർക്കും പുസ്തകങ്ങൾ നൽകുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| മികച്ച വായനശീലം വളർത്തുക എഴുതുവാനുള്ള ശീലം വളർത്തുക. | വായനക്കൂട്ടം, എഴുത്തുകൂട്ടം ഒഴിവ് സമയങ്ങളിൽ സ്കൂളിലെ മുഴുവൻ കുട്ടികളും അവരവരുടെ ബെഞ്ചുകളിൽ ഇരുന്ന് ചുമതലയുള്ള അധ്യാപികയുടെ സഹായത്തോടെ, പരസ്പരം പിന്തുണ നൽകി പ്രവർത്തനങ്ങൾ ചെയ്യും. | ജൂൺ മുതൽ മാർച്ച് വരെ | എല്ലാ അധ്യാപകരും | |

| | | | | |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കുവാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് | ക്ലാസ്സിൽ | |
| വായനാശീലം വളർത്തുക | റീഡേഴ്സ് തിയേറ്റർ - ഇതിന്റെ സാധ്യത ക്ലാസ്സ് റൂം പ്രക്രിയകളിൽ പ്രയോജനപ്പെടുത്തുന്നു. സംയുക്ത വായന, ചങ്ങലവായന ഇടങ്ങിയവ ഒന്നാം ക്ലാസിൽ പ്രയോജനപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ്സിൽ | |
| പത്രവായന, യിലൂടെ വായനാ ശേഷി വളർത്തൽ | അസംബ്ലിയിൽ പത്രവായന നടത്തൽ. | ജൂൺ - മാർച്ച് എല്ലാദിവസവും | കുട്ടികൾ | |
| ദിനാചരണങ്ങൾ - നടത്തുന്നതിലൂടെ വായന, എഴുത്ത് ശേഷി വികസിപ്പിക്കൽ | വായന, എഴുത്ത് പ്രവർത്തനങ്ങൾ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചെയ്യൽ | വിശേഷദിവസങ്ങൾ | ക്ലാസ്സിൽ വിദ്യാരംഗം ക്ലബ് | |
| മലയാള ഭാഷാ പരിപോഷണം എഴുത്തും വായനയും മെച്ചമാക്കൽ | മലയാളത്തിളക്കം പ്രവർത്തനങ്ങൾ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസുകൾ | എല്ലാദിവസവും | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കൽ | ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കൽ (ഓരോ വിഷയവുമായി ബന്ധപ്പെട്ട്) | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| | രചനോത്സവം : കുട്ടികൾ വിവിധ വ്യവഹാരങ്ങളിൽ ഭാഷാ ശേഷി പ്രകടിപ്പിക്കൽ | എല്ലാ മാസവും | കുട്ടികൾ | |
| എഴുത്തും വായനയും മെച്ചപ്പെടുത്തൽ | ശ്രദ്ധ- പ്രവർത്തനങ്ങൾ എല്ലാ ക്ലാസിലെയും കുട്ടികൾക്ക് (പഠനപിന്നാക്കാവസ്ഥ നേരിടുന്ന) അധ്യാപകർ ഒഴിവ് സമയങ്ങളിൽ പരിശീലനം നൽകൽ. | ജൂൺ - മാർച്ച് | അധ്യാപകർ | |
| എഴുത്തിന്റെ വിവിധ വ്യവഹാര രൂപങ്ങളിൽ ഒന്നായ ഡയറിയെഴുത്ത് പ്രോൽസാഹിപ്പിക്കുക. | സംയുക്ത ഡയറിയെഴുത്ത്, ഡയറിയെഴുത്ത് തുടങ്ങിയവ എല്ലാ ക്ലാസിലും പ്രോൽസാഹിപ്പിക്കുക. | ജൂൺ - മാർച്ച് | അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ | |
| ഭാവപ്രകടനം, ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും ആർജ്ജിക്കുക | പാട്ടരങ്ങ് കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം എടുപ്പിക്കുന്നു. രാഗതാളങ്ങളുമായി അന്വയിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് | കുട്ടികൾ | |

| | | | | |
|---|---|---|---|---|
| വായനാ താൽപര്യവും അഭിനയവും വ്യക്തിത്വവികസനവും വളർത്തുക | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്ന സംഭാഷണ ശൈലി ശബ്ദവ്യത്യാസം ഇവ ഉപയോഗിച്ച് വായനയുടെ അവതരണം നടത്തുന്ന {റീഡേഴ്സ് തിയേറ്റർ} | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ | |
| സ്വതന്ത്രമായ ഭാഷണം, സർഗാത്മകത വളർത്താൻ വേദികളിൽ പ്രകടിപ്പിക്കാൻ | കഥാവേള - കേട്ട കഥകൾ അവതരിപ്പിക്കൽ, വായിച്ച കഥകൾ അവതരിപ്പിക്കൽ. ആസ്വാദന കുറിപ്പുകൾ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | വിദ്യാരംഗം | |
| സർഗവേളയിൽ പ്രകടനങ്ങൾ കാഴ്ചവെക്കൽ | സർഗവേള : ക്ലാസ്മുറിയിൽ രൂപപ്പെട്ട ആവിഷ്കാര പ്രകടനങ്ങൾ സർഗവേളയിൽ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് വെള്ളിയാഴ്ചകളിൽ | വിദ്യാരംഗം ക്ലബ് അധ്യാപകർ PTA | |
| പൊതുസമൂഹവുമായി പങ്കുവെക്കൽ | ക്ലാസ്മുറിയിൽ രൂപപ്പെട്ട ആവിഷ്കാര പ്രകടനങ്ങൾ 'പഠനോത്സവത്തിൽ' പൊതു സമൂഹവുമായി പങ്കുവെക്കുക | ഫെബ്രുവരി, മാർച്ച് | കുട്ടികൾ അധ്യാപകർ SMC. | |

| | | | | |
|---|---|---|---|---|
| പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ:- | | | | |
| ആശയ വിനിമയ ശേഷി കൈവരിക്കൽ<br>ചിത്ര കാർഡുകൾ തിരിച്ചറിയൽ<br>ചിത്രവായന നടത്തൽ<br>ആശയ ഗ്രഹണ ശേഷി നേടൽ<br>പാട്ട്, അഭിനയം ഇവയിൽ ശേഷി കൈവരിക്കൽ<br>കഥകൾ, കടങ്കഥകൾ ഇടങ്ങിയവ അവതരിപ്പിക്കൽ | കൂട്ടുകാർക്കൊപ്പം കൂടുതൽ സമയം പങ്കിടുക.<br>ഒഴുക്കോടെയും കാര്യങ്ങൾ മനസിലാക്കിയും സംസാരിക്കാൻ ക്ലാസ് മുറിയിൽ സന്ദർഭം ഒരുക്കൽ<br>ചിത്രവായന പ്രോത്സാഹിപ്പിക്കൽ.<br>സഹവർത്തിത വായന, ചങ്ങലവായന ഇവയിൽ പങ്കാളികളാക്കുക. കളറിംഗ്, | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ.<br>BRC special educators. | |
| അക്ഷരങ്ങൾ, വാക്കുകൾ, ചെറുവാക്യങ്ങൾ വായിക്കുവാനും എഴുതുവാനും പരിശീലനം നേടുക. | കളർ ചിത്രമുള്ള വാക്യകാർഡുകൾ നൽകുക.<br>ബോർഡെഴുത്ത് പരിശീലനം നൽകുക. അസംബ്ലിയിൽ പങ്കെടുപ്പിക്കുക. സർഗവേളയിൽ അവസരം നൽകുക. | ജൂൺ - മാർച്ച് | | |

# ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തൽ. പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂൺ, ജൂലൈ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്ന [English Assembly] | വെള്ളി | ഇംഗ്ലീഷ് ക്ലബ് | |
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഇംഗ്ലീഷ് ബുള്ളറ്റിനിൽ ഓരോ മാസവും വരുന്ന ദിനാചരണങ്ങളെക്കുറിച്ച് ഇംഗ്ലീഷ് ബുള്ളറ്റിനിൽ തയ്യാറാക്കുക. | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | വായനാകാർഡുകൾ നിർമ്മിക്കൽ. ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്കാവശ്യമായ ക്ലാസ്സ് റൂം വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | കുട്ടികൾ, അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയിൽ (വായനയിലും എഴുത്തിലും) ശേഷി നേടുക. | Hello English പഠനപരിപാടികൾക്കും പ്രത്യേക പരിശീലനങ്ങൾക്കും വഴിയും വൈദഗ്ധ്യങ്ങൾ ഉയർത്തുന്ന പ്രവർത്തനങ്ങൾ ചെയ്യൽ. | ജൂൺ - മാർച്ച് | അധ്യാപകർ | |
| ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം സൃഷ്ടിക്കൽ | കുട്ടികൾ: നിരന്തരമുള്ള ടെസ്റ്റുകൾ നൽകൽ. സംഭാഷണം - നടത്തൽ | ജൂൺ - മാർച്ച് | അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | English [illegible] [illegible], ഒ Choreography, role play, Skit, rhyme അവതരിപ്പിക്കൽ | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക. | ഗണിതകഥ, പാട്ട്, ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകൽ, കണക്കിലെ കളികൾ വ്യത്യസ്ത അളവുകൾ പരിചയപ്പെടൽ ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യപ്പെടുത്തുന്നി ഏകകങ്ങൾ പരിചയപ്പെടൽ. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക | ചിത്രപാറ്റേണുകൾ, ഗണിത പസിൽ, ഗണിത പാറ്റേണുകൾ എന്നിവയിലൂടെ ഗണിതത്തിന്റെ ലോകത്തിലെത്തിക്കൽ. | ജൂൺ - മാർച്ച്. | അധ്യാപകർ | |
| കൃത്യതയോടും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക. | പഠനോപകരണ നിർമ്മാണം വിവര സാങ്കേതിക വിദ്യയെ ഗണിതപഠനവുമായി ബന്ധിപ്പിക്കൽ, ഗണിതലാബ് ക്രമീകരിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | |

| | | | |
|---|---|---|---|
| ഗണിത പഠനം രസകരമാക്കി കുട്ടികളിൽ താല്പര്യം ഉളവാക്കുക. | ഗണിത മാഗസിൻ തയ്യാറാക്കൽ.<br><br>ഗണിത പഠനം രസകരമാക്കൽ ഗണിതകിറ്റ്, ഗണിത പഠനോപകരണങ്ങൾ ഇവ കുട്ടികളുടെയും രക്ഷാകർത്താക്കളുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കൽ. ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ പാറ്റേണുകൾ ഇവ ഉൾപ്പെടുത്തി ഗണിത ചുമർ നിർമ്മിക്കൽ, ഗണിത ലാബ് സജ്ജീകരിക്കൽ. | ഓരോ പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട്. | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ |
| (പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് : | | | |

# ശാസ്ത്രപഠനം

| | | | |
|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുക, കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാമേളയിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുക. | ഒക്ടോബർ നവംബർ മാസങ്ങൾ | സയൻസ് ക്ലബ്ബ് |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനമേശ ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ. | ഒന്നുമുതൽ നാല് വരെയുള്ള ക്ലാസുകളിലെ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകൾ ഉറപ്പാക്കുക. പി.ടി.എയിൽ ശാസ്ത്രമൂല സംബന്ധിച്ച് അവതരണം. ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങൽ. | ആഗസ്റ്റ് ആദ്യവാരം | അധ്യാപകർ |
| ശാസ്ത്രപഠനം ലളിതമാക്കാൻ ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ ക്ലാസ്സിലെയും പഠനനേട്ടവുമായി ബന്ധപ്പെട്ട പ്രകൃതിനടത്തം, ഫീൽഡ്ട്രിപ്പ് | | SRG<br>SMC |

| | | | |
|---|---|---|---|
| | നടത്തുന്നു.<br>പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | |
| ശാസ്ത്രാഭിരുചി വളർത്തൽ | അധിക വായനക്കായി ശാസ്ത്ര മാസികകൾ, പുസ്തകങ്ങൾ ജേർ വെട്ടുകൾ ഇവ ക്ലാസുകളിൽ ഉപയോഗപ്പെടുത്തൽ. പരീക്ഷണം നടത്തൽ. | | |
| വിദഗ്ധരുടെ റിസോഴ്സ് ക്ലാസ്സ് സംഘടിപ്പിക്കൽ | ശാസ്ത്രക്ലാസ്സുകളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ. | ജൂൺ മുതൽ മാർച്ച് വരെ | |
| | ദിനാചരണങ്ങൾ ആചരിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | SRG<br>പി.ടി.എ |

# കലാകായിക വിദ്യാഭ്യാസം

| | | | | |
|---|---|---|---|---|
| കലാവാസനകൾ പരിപോഷിപ്പിക്കുക | സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കൽ, വിദ്യാരംഗം സാഹിത്യവേദിയുടെ നേതൃത്വത്തിൽ വെള്ളിയാഴ്ചകളിൽ സർഗ്ഗവേള നടത്തൽ. | എല്ലാ ആഴ്ചകളിലും | അധ്യാപകർ | |
| വരക്കാൻ കഴിവുള്ള കുട്ടികളുടെ കലാപരമായ കഴിവ് വളർത്തുകയും ചിന്തകളുടെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുക | കുട്ടികൾ വരക്കുന്ന ചിത്രങ്ങൾ അസംബ്ലികളിൽ പ്രദർശിപ്പിക്കുന്നു. വരക്കാനാവശ്യമായ സാമഗ്രികൾ നൽകുന്നു. ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണവും ചിത്രരചനകളും സംഘടിപ്പിക്കൽ. പതിപ്പുകൾ നിർമ്മിക്കുക. | വിശേഷ ദിനങ്ങളിൽ. | SRG<br>അധ്യാപകർ | |

| | | | |
|---|---|---|---|
| ആരോഗ്യകായിക വിനോദോപാധി ഉറപ്പാക്കൽ. | കുട്ടികൾക്ക് യഥേഷ്ടം കളിക്കാൻ പാകത്തിന് കളിസ്ഥലവും പാർക്കും ഒരുക്കിക്കൊടുക്കൽ. കലാകായികമേളകളിൽ മത്സരത്തിന് പങ്കെടുപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ. |
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | വിശാലമായ ഗ്രൗണ്ട് ഒരുക്കി നൽകൽ. അധ്യാപകർ തന്നെ പരിശീലിപ്പിക്കൽ. കൂടുതൽ കുട്ടികളെയും കളികളിൽ ചേർക്കുന്നതിന് സൗകര്യം ഒരുക്കൽ. | ജൂൺ - മാർച്ച് വരെ. | SMC പഞ്ചായത്ത്. |